# CAREER Updates

# പത്രവൃത്താന്തം

**25.07.2024 (വ്യാഴം)**




- 2024 ജൂലൈയിൽ പുറത്തിറങ്ങിയ ഹെൻലി പാസ്പോർട്ട് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം
- ✔ 82

- 2024 ജൂലൈയിൽ പുറത്തിറങ്ങിയ ഹെൻലി പാസ്പോർട്ട് സൂചിക പ്രകാരം ലോകത്തെ ഏറ്റവും ശക്തമായ പാസ്പോർട്ടുകളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം സിംഗപ്പൂർ ആണ്. സിംഗപ്പൂർ പാസ്പോർട്ട് ഉള്ളവർക്ക് ആഗോളതലത്തിൽ 195 ഇടങ്ങളിൽ വിസയില്ലാതെ പ്രവേശിക്കാം.
- ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നിവയാണ് ശക്തമായ പാസ്പോർട്ടുള്ള രാജ്യങ്ങളുടെ പട്ടികയിൽ രണ്ടാം സ്ഥാനത്തുള്ളത്. അഫ്ഗാനിസ്ഥാനാണ് ഏറ്റവും പിന്നിൽ.

- 2024 ജൂലൈയിൽ ബോളിവുഡ് നടൻ ഷാരൂഖ് ഖാന്റെ ചിത്രം പതിപ്പിച്ച സ്വർണ്ണനാണയം പുറത്തിറക്കിയത് ഏത് യൂറോപ്യൻ രാജ്യത്താണ്?
- ✔ ഫ്രാൻസ്
- ഫ്രാൻസിലെ ഗ്രെവിൻ മ്യൂസിയമാണ് ഷാരൂഖ് ഖാന്റെ ചിത്രം പതിപ്പിച്ച സ്വർണ്ണനാണയം പുറത്തിറക്കിയത്.
- 2024 ജൂലൈയിൽ ഇന്റർനാഷണൽ ഹാൾ ഓഫ് ഫെയിം ബഹുമതി ലഭിച്ച ഇന്ത്യയുടെ ഇതിഹാസ ടെന്നീസ് താരങ്ങൾ
- ✔ ലിയാൻഡർ പേസ്, വിജയ് അമൃത്‌രാജ്
- ലിയാൻഡർ പേസിനെ ഇന്റർനാഷണൽ ഹാൾ ഓഫ് ഫെയിമിന്റെ 265-ാമത്തെ അംഗമായും വിജയ് അമൃത്‌രാജിനെ 267-ാമത്തെ അംഗമായുമാണ് ഉൾപ്പെടുത്തിയത്.
- 2024 ജൂലൈയിൽ ലോകത്തിലാദ്യമായി ബയോമെട്രിക് സ്മാർട്ട് ട്രാവൽ രീതി നടപ്പിലാക്കിയ അന്താരാഷ്ട്ര വിമാനത്താവളം
- ✔ സായിദ് അന്താരാഷ്ട്ര വിമാനത്താവളം, അബുദാബി

- 2024 ജൂലൈയിൽ അന്തരിച്ച പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞനും ഇന്ത്യൻ സാമ്പത്തികാസൂത്രണ കമ്മിഷൻ മുൻ അംഗവുമായ വ്യക്തി
- ✔ പ്രൊഫ. സി.ടി. കുര്യൻ
- കോട്ട വിമാനത്താവളത്തിന്റെ വികസനത്തിനായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 2024 ജൂലൈയിൽ ധാരണാപത്രത്തിലൊപ്പുവച്ച സംസ്ഥാനം
- ✔ രാജസ്ഥാൻ
- 2024 ജൂലൈയിൽ നാമകരണം ചെയ്ത് കടലിലിറക്കിയ, ഗോവ ഷിപ്പ്‌യാർഡിൽ തദ്ദേശീയമായി നിർമ്മിച്ച ആദ്യത്തെ അഡ്വാൻസ്ഡ് മിസൈൽ സ്റ്റീൽത്ഫ്രിഗേറ്റ് യുദ്ധക്കപ്പൽ
- ✔ ഐ.എൻ.എസ്. ത്രിപുട്
- 2024-ലെ പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിൽ ഏറ്റവുമധികം കായികതാരങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ഏത് സംസ്ഥാനത്ത് നിന്നാണ്?
- ✔ ഹരിയാന

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999